**കേരള സർക്കാർ**

**സംഗ്രഹം**

സൈനിക ക്ഷേമ വകുപ്പ് - സൈനിക സേവനത്തിനിടെ പരിക്കേറ്റ ഹവിൽദാർ ശ്രീ.രാജേഷ്.കെ-യ്ക്ക് ബഹു.മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമ നിധിയിൽ നിന്നും സാമ്പത്തിക സഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സൈനിക ക്ഷേമ (എ) വകുപ്പ്**

**സ.ഉ(കൈ)നം.32/2022/സൈ.ക്ഷേ.വ** **തീയതി, തിരുവനന്തപുരം:27.08.2022**

---

പരാമർശം:- 1. 29.06.1999 ലെ സ.ഉ(പി) നം.450/99/പൊ.ഭ.വ ഉത്തരവ്.

2. സൈനിക ക്ഷേമ ഡയറക്ടറുടെ 20.04.2021 ലെ ബി-6/CMSWF/35363/2021/DSW നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സൈനിക സേവനത്തിനിടെ പരിക്കേറ്റ എക്സ്.ഹവിൽദാർ ശ്രീ.രാജേഷ്.കെ, ബഹു.മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമ നിധിയിൽ നിന്നും ധനസഹായത്തിനായി സമർപ്പിച്ച അപേക്ഷ സൈനിക ക്ഷേമ ഡയറക്ടർ ശിപാർശ ചെയ്ത് പരാമർശം 2 പ്രകാരം, ബന്ധപ്പെട്ട രേഖകൾ സഹിതം സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിയ്ക്കുകയുണ്ടായി.

പ്രസ്തുത നിർദ്ദേശം ബഹു.മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമ നിധിയുടെ ഭരണവുമായി ബന്ധപ്പെട്ട പരാമർശം 1 ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചു.

ആട്രിബ്യൂട്ടബിലിറ്റി സർട്ടിഫിക്കറ്റ് പ്രകാരം ശ്രീ.രാജേഷ്.കെ-യ്ക്ക് ഡിസെബിലിറ്റി സംഭവിക്കാനുണ്ടായ കാരണം Individual wounded due to accidental explosion of Rifle Granade while conducting pre-field firing class/demonstration at CETC location എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഈ അത്യാഹിതം ആട്രിബ്യൂട്ടബിൾ ടു മിലിട്ടറി സർവ്വീസ് ആയി പരിഗണിച്ചിട്ടുള്ളതും Battle Casuality

ആയി പ്രഖ്യാപിച്ചിട്ടുള്ളതുമാണ്. ടിയാന് 40% ആജീവനാന്ത ഡിസെബിലിറ്റി ഉള്ളതായി മിലിട്ടറി അധികാരികൾ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സൈനിക സേവനത്തിനിടെ പരിക്കേറ്റ എക്സ്.ഹവിൽദാർ ശ്രീ.രാജേഷ്.കെ -യ്ക്ക് ബഹു.മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമ നിധിയിൽ നിന്നും **60,000/-രൂപ (അറുപതിനായിരം രൂപ മാത്രം)** സാമ്പത്തിക സഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ടി തുക ഫണ്ടിന്റെ ട്രഷററും മെമ്പറുമായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, അപേക്ഷകന് **കനറാ ബാങ്കിന്റെ കണ്ണൂർ, പെരളശ്ശേരി ശാഖയിലുള്ള 4752101006674 (IFSC Code CNRB0004752)** നമ്പർ അക്കൗണ്ടിലേയ്ക്ക് ഇലക്ട്രോണിക് മണി ട്രാൻസ്ഫർ ചെയ്തു നൽകേണ്ടതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ആർ.താരാ ദേവി**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ്-

1. ശ്രീ.രാജേഷ്.കെ, 'അനുഗ്രഹം', എരുവട്ടി.പി.ഒ, കതിരൂർ, തലശ്ശേരി, കണ്ണൂർ, കേരള-670 642.
2. ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
3. ധനകാര്യ (ഫണ്ട്സ്) വകുപ്പ്.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
6. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ